**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4389** **18-07-2022 - ൽ മറുപടിയ്ക്ക്**

**രജിസ്ട്രേഷൻ വകുപ്പിലെ സേവനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി) | |
| (എ) | വസ്തുവിന്റെ ക്രയവിക്രയവുമായി ബന്ധപ്പെട്ട് പൊതു ജനങ്ങൾക്ക് രജിസ്ട്രേഷൻ വകുപ്പിൽ നിന്നും ലഭ്യമായിക്കൊണ്ടിരിക്കുന്ന സേവനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | (എ) | വസ്തുവിന്റെ ക്രയവിക്രയവുമായി ബന്ധപ്പെട്ട് പൊതു ജനങ്ങൾക്ക് രജിസ്ട്രേഷൻ വകുപ്പിൽ നിന്നും ലഭ്യമാകുന്ന സേവനങ്ങൾ താഴെ കൊടുത്തിരിക്കുന്നു.<br><br>(എ) രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെ ഓഫീസ്.<br><br>ആധാരമെഴുത്ത് ലൈസൻസ് പരീക്ഷ നടത്തിപ്പ്, ലൈസൻസ് നൽകുക, സംസ്ഥാനതല ലൈസൻസ് പുതുക്കി നൽകുക.<br><br>രജിസ്ട്രേഷൻ ഫീസ് റീഫണ്ട് അനുവദിക്കൽ.<br><br>വകുപ്പുമായി ബന്ധപ്പെട്ടു വരുന്ന പരാതികളിൽ നടപടി സ്വീകരിക്കൽ.<br><br>ആൾമാറാട്ടത്തിലൂടെ ആധാരം രജിസ്റ്റർ ചെയ്തു എന്നുള്ള പരാതിയിന്മേൽ ആയതിന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുക.<br><br>(ബി) ജില്ലാ രജിസ്ട്രാർ (ജനറൽ) ഓഫീസ്<br><br>രജിസ്ട്രേഷൻ നിയമം സെക്ഷൻ 30 പ്രകാരമുള്ള ആധാരങ്ങൾ രജിസ്റ്റർ ചെയ്യുക.<br><br>അടച്ച വിൽപത്ര കവർ സ്വീകരിക്കുക, തിരികെ നൽകുക, തുറക്കുക.<br><br>ആധാരങ്ങളുടെ സ്റ്റാമ്പ് ഡ്യൂട്ടി നിർണ്ണയിക്കൽ (അഡ്ജ്യൂഡിക്കേഷൻ).<br><br>വിലകുറച്ച് കാണിച്ച് രജിസ്റ്റർ ചെയ്ത ആധാരങ്ങളിന്മേൽ നടപടി സ്വീകരിക്കൽ. |

| | | | |
|---|---|---|---|
| | | | രജിസ്ട്രേഷൻ നിയമത്തിനു കീഴിൽ സമർപ്പിക്കപ്പെടുന്ന അപ്പീലുകളിന്മേൽ വിചാരണ നടത്തൽ.<br><br>രജിസ്റ്റർ ചെയ്യാത്ത ആധാരങ്ങളുടെ ഫീസ് റീഫണ്ട് അനുവദിക്കൽ.<br><br>(സി) ജില്ലാ രജിസ്ട്രാർ (ഓഡിറ്റ്) ഓഫീസ്<br><br>ആധാരങ്ങളുടെ സ്റ്റാമ്പ് ഡ്യൂട്ടി നിർണ്ണയിക്കൽ (അഡ്ജുഡിക്കേഷൻ).<br><br>വിലകുറച്ച് കാണിച്ച് രജിസ്റ്റർ ചെയ്ത ആധാരങ്ങളിന്മേൽ നടപടി സ്വീകരിക്കൽ.<br><br>(ഡി) സബ് രജിസ്ട്രാർ ഓഫീസ്<br><br>ആധാര രജിസ്ട്രേഷൻ<br><br>ആധാരങ്ങളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് നൽകൽ<br><br>ഗഹാൻ, ഗഹാൻ റിലീസ് എന്നിവ ഫയൽ ചെയ്യൽ<br><br>വിൽപ്പത്ര വിചാരണ നടത്തൽ<br><br>സ്ഥാവര വസ്തുക്കളുടെ ബാദ്ധ്യതാ സർട്ടിഫിക്കറ്റ് നൽകൽ.<br><br>മുക്ത്യാറുകളുടെ സാക്ഷ്യപ്പെടുത്തൽ.<br><br>ലിസ്റ്റ് സർട്ടിഫിക്കറ്റ് നൽകൽ.<br><br>രജിസ്ട്രേഷൻ ഫീസ് റീഫണ്ട് അപേക്ഷ സ്വീകരിക്കൽ. |
| (ബി) | ആധാരങ്ങളും മറ്റും സ്വയം തയ്യാറാക്കുന്നതിന് ആവശ്യമായ പ്രോത്സാഹനങ്ങളും നിർദ്ദേശങ്ങളും പൊതുജനങ്ങൾക്ക് ലഭ്യമാവുന്നില്ലെന്ന പരാതിയുണ്ടോ; വിശദമാക്കുമോ; | (ബി) | ആധാരങ്ങളും മറ്റും സ്വയം തയ്യാറാക്കുന്നതിന് ആവശ്യമായ പ്രോത്സാഹനങ്ങളും നിർദ്ദേശങ്ങളും പൊതുജനങ്ങൾക്ക് ലഭ്യമാവുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | ഇത്തരം സേവനങ്ങൾ ജനങ്ങളിലെത്തിക്കാൻ എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്ന് വിശദമാക്കുമോ? | (സി) | ഇത്തരം സേവനങ്ങൾ ജനങ്ങളിലെത്തിക്കുന്നതിനായി വിശദമായ മാർഗ്ഗ നിർദ്ദേശങ്ങൾ സർക്കുലറായി രജിസ്ട്രേഷൻ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്. കൂടാതെ രജിസ്റ്റർ ചെയ്യുന്നതിനായുള്ള 19 വിവിധ ആധാരങ്ങളുടെ മാതൃക വകുപ്പിന്റെ വെബ് സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യുന്നതിനുള്ള സൗകര്യവും ലഭ്യമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ